(സി) 14-12-2009 തീയതിയിലെ G.O (MS) No.71/09/Tran. നമ്പർ ഉത്തരവ് പ്രകാരം 31-3-2008 വരെ KSRTC, സർക്കാരിന് നൽകാനുണ്ടായിരുന്ന വിവിധ ഇനത്തിലെ ബാദ്ധ്യതകളിൽ നിന്ന് ഗടഞഠഇയെ സർക്കാർ ഒഴിവാക്കി. അവയുടെ വിശദവിവരങ്ങൾ.

1. സർക്കാർ ലോണിന്റെ മുതൽ ഇനത്തിൽ 250.38 കോടി രൂപ ഇക്വിറ്റിയായി മാറ്റി.

2. ടി ലോണിന്റെ പലിശയിനത്തിൽ 130.41 കോടി രൂപ എഴുതിത്തള്ളി.

3. ടി സർക്കാർ ലോണിന്റെ പിഴപ്പലിശയിനത്തിൽ 66.98 കോടി രൂപ എഴുതിത്തള്ളി.

4. 31-3-2008 കാലയളവുവരെ മോട്ടോർ വാഹന നികുതി വകുപ്പിന്റെ കണക്കനുസരിച്ച് വാഹന നികുതിയിനത്തിൽ KSRTC സർക്കാരിന് ഒടുക്കാനുണ്ടായിരുന്ന 622.83 കോടി രൂപയും എഴുതിത്തള്ളിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. യുടെ സഞ്ചിതനഷ്ടം

213 (4002) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം കെ.എസ്.ആർ. ടി.സി. സർക്കാരിലേക്ക് എത്ര കോടി രൂപ അടക്കാനുണ്ടായിരുന്നു ;

(ബി) പ്രസ്തുത തുക, സർക്കാർ എഴുതിത്തള്ളിയോ ; വിശദമാക്കുമോ ;

(സി) ഇതിൽ എത്ര തുക സർക്കാർ കെ.എസ്.ആർ.ടി. യിൽ ഓഹരിയാക്കി നിലനിർത്തി ;

(ഡി) ആയതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി. യുടെ സഞ്ചിത നഷ്ടം എത്ര കോടിയിൽ നിന്നും എത്ര കോടിയായി കുറയ്ക്കുവാൻ കഴിഞ്ഞുവെന്നും നിലവിലെ ബാധ്യത എത്ര കോടി രൂപയിൽ നിന്നും എത്ര കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം (2005-06 സാമ്പത്തിക വർഷത്തിലെ കണക്ക് പ്രകാരം) കെ. എസ്. ആർ. ടി. സി. സർക്കാരിലേയ്ക്ക് 593.94 കോടി രൂപ അടയ്ക്കാനുണ്ടായിരുന്നു.

(ബി) പ്രസ്തുത തുക ഉൾപ്പെടെ 31-3-2008 വരെ സർക്കാരിന് നൽകാനുള്ള 1070.61 കോടി രൂപയിൽ ലോൺ തുകയായ 250.38 കോടി രൂപ ഓഹരിയാക്കി മാറ്റുകയും, വാഹന നികുതി, പലിശ, പിഴപ്പലിശ എന്നീ ഇനങ്ങളിൽ നൽകാനുണ്ടായിരുന്ന 820.23 കോടി രൂപ എഴുതിത്തള്ളുകയും ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 31-3-2006 വരെയുള്ള കടമായ 90.65 കോടി രൂപ ഉൾപ്പെടെ 250.38 കോടി രൂപ ഓഹരിയായി നിലനിറുത്തിയിട്ടുണ്ട്.

(ഡി) 31-3-2008 വരെയുള്ള ബാദ്ധ്യതകളാണ് എഴുതിത്തള്ളിയത്. ആയത് 2007-08 ലെ വാർഷിക കണക്കിലാണ് ക്രമപ്പെടുത്തിയത്. അതനുസരിച്ച് 2008-ലെ സഞ്ചിത നഷ്ടം 1995.45 കോടിയിൽ നിന്നും 1368.88 കോടിയായി കുറയ്ക്കുവാൻ കഴിഞ്ഞു. 2009-10 ലെ താത്ക്കാലിക കണക്കനുസരിച്ച് 2009-10 ലെ ബാദ്ധ്യത 2641.76 കോടി രൂപ ആകേണ്ടിയിരുന്നത് 2015.19 കോടി രൂപയായി കുറയ്ക്കുവാൻ കഴിഞ്ഞു.

കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം കുറയ്ക്കാൻ നടപടി

214 (4003) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം എത്ര രൂപയായിരുന്നു ;

(ബി) പ്രസ്തുത നഷ്ടം നികത്തുന്നതിനായി കെ.എസ്.ആർ.ടി.സി.ക്ക് എത്ര തുക നൽകുകയുണ്ടായി ; വിശദാംശം ലഭ്യമാക്കുമോ ; അത് മൊത്തം ചെലവിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ. ടി.സി.ക്ക് അനുവദിച്ച എത്ര തുക ഗ്രാന്റ്-ഇൻ-എയ്ഡ് ആക്കി മാറ്റി ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നഷ്ടം കുറച്ചു കൊണ്ടു വരുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2005-06-ലെ കണക്ക് പ്രകാരം) കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം 191.90 കോടി രൂപയായിരുന്നു.

(ബി) പ്രസ്തുത നഷ്ടം നികത്തുന്നതിനായി സർക്കാർ തുകയൊന്നും തന്നെ നൽകിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച തുകയൊന്നുംതന്നെ ഗ്രാന്റ്-ഇൻ-എയ്ഡ് ആക്കി മാറ്റിയിട്ടില്ല.

(ഡി) കെ. എസ്. ആർ. ടി. സി. യുടെ നഷ്ടം കുറയ്ക്കുന്നതിനും സമഗ്ര പുനരുദ്ധാരണത്തിനുമായി 26-2-2008-ലെ സർക്കാർ ഉത്തരവ് 10/2008/Tran. പ്രകാരം മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശകൾ അംഗീകരിച്ച് 11 ശുപാർശകൾ അടങ്ങിയ ഒരു പാക്കേജ് നടപ്പിലാക്കുവാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ടി പാക്കേജിൽ ഉൾപ്പെട്ട ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

2308/12

LIBRARY ARCHIVES Kerala Legislative Assembly